"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

<u>സംഗ്രഹം</u>

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്- കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് കീഴിലെ മലപ്പുറം പ്രിൻസിപ്പൽ കൃഷി ഓഫീസിലെ ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ ഷാജു ബി.ക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

കൃഷി(ഇ ബി) വകുപ്പ്

G.O.(Rt)No.957/2026/AGRI തീയതി,തിരുവനന്തപുരം, 30-09-2026

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 21.02.2025-ലെ C2 (VC-1/2025/SIU-1)35936/2024/DVACB നമ്പർ കത്ത്
2. സ.ഉ(സാധാ) നം.391/2025/അഗ്രി തീയതി 23.04.2025
3. 30.01.2026 തീയതിയിലെ അഗ്രി-ഇബി3/41/2025 നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.
4. വിജിലൻസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 03.07.2026-ലെ വിജി-ബി2/212/2026-വിജി നമ്പർ കത്ത്
5. കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 30.06.2026-ലെ ADFW/12075/2024-SA2 നം. കത്ത്.

<u>ഉത്തരവ്</u>

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് കീഴിലെ മലപ്പുറം പ്രിൻസിപ്പൽ കൃഷി ഓഫീസിലെ ജൂനിയർ സൂപ്രണ്ടായ ശ്രീ ഷാജു ബി. ((PEN 357672) ഹൈക്കോടതിയിൽ കൃഷി വകുപ്പിന്റെ ലെയ്സൺ ഓഫീസർ തസ്തികയിൽ ജോലി ചെയ്തുവരവെ, പ്രസ്തുത പദവി ദുരുപയോഗം ചെയ്ത് ഡാറ്റാ ബാങ്കിൽ പെട്ട നിലം കരയായി മാറ്റിത്തരാം എന്ന് വാഗ്ദാനം ചെയ്ത് ശ്രീ. ഹർളി മാത്യൂ എന്നയാളിൽ നിന്നും 7 ലക്ഷത്തോളം രൂപ കൈപ്പറ്റിയെന്ന ആരോപണത്തിൽ ടിയാനെതിരെ 1988-ലെ അഴിമതി നിരോധന നിയമം 7(എ) പ്രകാരം വി.സി-01/2025/എസ്.എ.യു-1 തീയതി 29.01.2025 ആയി കേസ് രജിസ്റ്റർ ചെയ്ത് ബഹു. തിരുവനന്തപുരം വിജിലൻസ് കോടതി മുമ്പാകെ കേസ് ഫയൽ ചെയ്തിരിക്കുകയാണെന്ന് പരാമർശം (1) പ്രകാരം വിജിലൻസ് & കറപ്ഷൻ ബ്യൂറോ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ശ്രീ. ഷാജു 07.09.2023 മുതലുള്ള ശൂന്യവേതനാവധിയെ തുടർന്ന് അനധികൃതമായി ജോലിയിൽ പ്രവേശിക്കാതെ തുടരുകയാണെന്നും ആയതിനാൽ ടിയാനെതിരെ കർശന നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്തിരുന്നു,

2. തുടർന്ന്, പരാമർശം (2) പ്രകാരം KCS (CCA) Rule 10 പ്രകാരം ടിയാനെ അന്വേഷണവിധേയമായി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവായിരുന്നു. കൂടാതെ

ശ്രീ. ഷാജുവിനെതിരെ KCS (CCA) Rule 15 പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ച് പരാമർശം (3) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നല്കിയിരുന്നു.

3. 15.06.2026- ൽ സസ്പെൻഷൻ റിവ്യൂ കമ്മിറ്റി ചേരുകയും ടി കമ്മിറ്റി ശ്രീ. ഷാജു ബി-യുടെ സസ്പെൻഷൻ പരിശോധിക്കുകയും 23.04.2025 മുതൽ സസ്പെൻഷനിൽ തുടരുന്ന ടിയാനെ തിരിച്ചെടുക്കാൻ പരാമർശം (4) പ്രകാരം ശിപാർശ ചെയ്യുകയുമുണ്ടായി.

4. എന്നാൽ സർവ്വീസിൽ നിന്നും അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യപ്പെട്ട ശ്രീ. ഷാജു ബി-യുടെ പേരിലുള്ള അച്ചടക്ക നടപടികൾ തുടർന്നു വരവേ 17-06-2026 തീയതിയിൽ ടിയാൻ മരണപ്പെട്ടതായി പരാമർശം (5) പ്രകാരം ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ ടിയാന്റെ മരണ സർട്ടിഫിക്കറ്റും ലഭ്യമാക്കുകയുണ്ടായി.

5. അച്ചടക്ക നടപടി തുടർന്നു വരവേ, ജൂനിയർ സൂപ്രണ്ടായിരുന്ന ഷാജു മരണപ്പെട്ട സാഹചര്യത്തിൽ ടിയാനെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കാർഷികവികസന കർഷകക്ഷേമ വകുപ്പിൽ മലപ്പുറം പ്രൻസിപ്പൽ കൃഷി ഓഫീസിൽ ജൂനിയർ സൂപ്രണ്ടായ ശ്രീ. ഷാജു ബി, 17.06.2026- ൽ മരണപ്പെട്ടതിനാൽ ടിയാനെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവാകുന്നു.

7. ശ്രീ. ഷാജു ബി യുടെ DCRG ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനന്തരാവകാശികൾക്ക് വിട്ട് നൽകുന്നതിന് മുന്നോടിയായി ടിയാന്റെ 07.09.2023 മുതലുള്ള അനധികൃതാവധിയും 23.04.2025 മുതലുള്ള സസ്പെൻഷൻ കാലയളവും ക്രമീകരിക്കുന്നതിനായി പ്രൊപ്പോസൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUBHASH T V I A S

SPECIAL SECRETARY

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരളം, തിരുവനന്തപുരം.

വിജിലൻസ് (ബി) വകുപ്പ്

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Digitally signed by
Rahila Beevi A
Date: 03-10-2026
10:18:56

സെക്ഷൻ ഓഫീസർ